"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ അരയിടത്ത് പാലം ജംഗ്ഷൻ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ബഹു: പ്രിൻസിപ്പൽ സബ് കോടതിയിലെ എൽ.എ.ആർ. 65/2014 നമ്പർ കേസിന് ബാലൻസ് വിധിത്തുക നൽകുന്നതിനായി പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.490/2024/PWD തിരുവനന്തപുരം,തീയതി, 03-05-2024

പരാമർശം:-

1. സ.ഉ.(സാധാ) നം.956/2021/PWD തീയതി 27/10/2021
2. സ.ഉ.(സാധാ) നം.367/2022/PWD തീയതി 31-03-2022
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 08-04-2024 തീയതിയിലെ CEPWD/7164/2021-FR2(F)-RD നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ അരയിടത്ത് പാലം ജംഗ്ഷൻ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം 3,90,03,257/- രൂപയും, പരാമർശം (2) പ്രകാരം 61,55,116 രൂപയും ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ബഹു: പ്രിൻസിപ്പൽ സബ് കോടതിയിലെ എൽ.എ.ആർ. 65/2014 നമ്പർ കേസിന് ബാലൻസ് വിധിത്തുകയായ 47,108/- രൂപ ആവശ്യമുണ്ടെന്നും, പ്രസ്തുത പ്രവ്ൃത്തിയുമായി ബന്ധപ്പെട്ട എൽ എ ആർ കേസുകൾക്ക് വിധിത്തുക അനുവദിക്കുന്നതിനായി മുൻപ് ഭരണാനുമതി നൽകിയിട്ടുള്ള തുകയായ 4,51,58,373/- രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള 47,108/-രൂപയും ചേർത്ത് 4,52,05,481/- രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-പിസി എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ അരയിടത്ത് പാലം ജംഗ്ഷൻ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് ബഹു: പ്രിൻസിപ്പൽ സബ് കോടതിയിലെ എൽ.എ.ആർ. 65/2014 നമ്പർ കേസിന്റെ ബാലൻസ് വിധിത്തുകയായ 47,108/- രൂപയോടൊപ്പം പ്രസ്തുത പ്രവ്ൃത്തിയുമായി ബന്ധപ്പെട്ട എൽ എ ആർ കേസുകൾക്ക് വിധിത്തുക അനുവദിക്കുന്നതിനായി മുൻപ് ഭരണാനുമതി നൽകിയിട്ടുള്ള തുകയായ 4,51,58,373/ - രൂപയും ചേർത്ത് ആകെ 4,52,05,481/- രൂപയുടെ പുതുക്കിയ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷത്തിലെ 5054-04-337-80-പിസി എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M
അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകൾ വിഭാഗം
ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള,
തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി ആർ ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 08-05-2024 12:31:34
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ.